പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്

കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളും തദനുസരണമായ സർക്കാർ ഉത്തരവുകളും പ്രകാരം മലപ്പുറം ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പുറപ്പെടുവിക്കുന്ന മലപ്പുറം ജില്ലാ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്.

ഭാഗം -1 പൊതുവിവരങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻറെ പേര് - **തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്**

ഉൾപ്പെടുന്ന ജില്ല - മലപ്പുറം

ഓഡിറ്റിന് വിധേയമായ കാലയളവ് - 01.04.2025 മുതൽ 31.03.2026 വരെ

ഓഡിറ്റ് നടത്തിയ കാലയളവ് -17/06/2026 മുതൽ 22/06/2026വരെ

ഓഡിറ്റ് പരിശോധന നടത്തിയ ഉദ്യോഗസ്ഥൻമാർ

1. ശ്രീ.സലീം ഓടക്കൽ (സെക്ഷൻ ഓഫീസർ)
2. ശ്രീ.അബ്ദുറഹിമാൻ. പി (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)
3. ശ്രീ.രഞ്ജിത് കെ.വി (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)

ഭാഗം -2 തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിവരങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വിസ്തീർണ്ണം..... - 105.32 ച.കി.മീ

ജനസംഖ്യ ..... - 211070

വീടുകളുടെ എണ്ണം..... - ലഭ്യമല്ല

ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം/വിവരം..... - 5, വള്ളിക്കുന്ന്, മൂന്നിയൂർ, തേഞ്ഞിപ്പാലം, പെരുവള്ളൂർ, നന്നമ്പ്ര

ബ്ലോക്ക്പഞ്ചായത്ത് ഡിവിഷനുകളുടെ എണ്ണം - 16

വനിതാ സംവരണ ഡിവിഷനുകളുടെ എണ്ണം - 8

പട്ടികജാതി സംവരണ ഡിവിഷനുകളുടെ എണ്ണം- 1

പട്ടിക വർഗ്ഗ സംവരണ ഡിവിഷനുകളുടെ എണ്ണം- 0

പ്രസിഡന്റ് - ശ്രീമതി. സാജിദ കെ.ടി, ശ്രീ.ഇ.കെ.ബഷീർ

വൈസ് പ്രസിഡന്റ്..... - ശ്രീ. അലി(പീച്ചു ഒടിയിൽ), ശ്രീമതി.എം.പി.സുബൈദ ടീച്ചർ

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

(എ))ധനകാര്യം ..... -ശ്രീ. അലി(പീച്ചു ഒടിയിൽ), ശ്രീമതി.എം.പി.സുബൈദ ടീച്ചർ

(ബി) ക്ഷേമകാര്യം ..... -ശ്രീ.സ്റ്റാർ മുഹമ്മദ്, ശ്രീമതി.എം.എം.ജംഷീന

(സി) വികസന കാര്യം ..... - ശ്രീമതി.ഫൌസിയ,
ശ്രീ.ഇസ്മായിൽ കാവുങ്ങൽ
(ഡി) ആരോഗ്യം, വിദ്യാഭ്യാസം..... - ശ്രീമതി. ബിന്ദു.പി.ടി,
ശ്രീ.ടി.പി.അസ്ദാഫ്
സെക്രട്ടറി..... - പ്രേമരാജൻ ഒ കെ
സെക്രട്ടറി ഉൾപ്പെടെ ജീവനക്കാരുടെ ആകെഎണ്ണം- 33
സ്ഥിരം..... - 27
കരാറടിസ്ഥാനത്തിൽ..... - 4
താല്ക്കാലികം..... - 2

ഭാഗം -3 വരവ് ചെലവുകൾ

പട്ടിക -II (എ)

വികസന ഫണ്ട് (2025 - 2026)

ഇനം	ജനറൽ (രൂപയിൽ)	എസ്സിപി (രൂപയിൽ)	ടി എസ് പി (രൂപയിൽ)	ആകെ (രൂപയിൽ)
മുൻ ബാക്കി	0	0	0	0
2025-26-ലെ വിഹിതം	2,56,65,400	83,05,400		3,39,70,800
ആകെ	2,56,65,400	83,05,400		3,39,70,800
2025-26-ലെ ചെലവ്	2,54,79,055	61,16,463		3,15,95,518
നീക്കിയിരിപ്പ്				

പട്ടിക -II (ബി)

മെയിൻറനൻസ് (2025 - 2026)

ഇനം	മെയിൻറനൻസ് ഫണ്ട്(രൂപയിൽ)	ബിപിഎഫ്എ-I - (ജിപിജി ഉൾപ്പെടെ) (രൂപയിൽ)	ബിപിഎഫ്എ-I -ൽ ഉൾപ്പെട്ട (ജിപിജി)-യുടെ കണക്ക്(രൂപയിൽ)
മുൻ ബാക്കി	0	1,95,20,584	1,54,32,525
2025-26-ലെ വിഹിതം	81,34,000	85,75,401	74,62,329
ആകെ	81,34,000	2,80,95,985	2,28,94,854
2025-26-ലെ ചെലവ്	53,98,973	72,94,293	50,39,142
നീക്കിയിരിപ്പ്		2,08,01,692	1,78,55,712

പട്ടിക II (C) (2025 - 2026)				
ബ്ലോക്ക് പഞ്ചായത്തിലെ നിലവിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ				
ക്രമ നമ്പർ	അക്കൗണ്ട് നമ്പർ,	ബാങ്കിന്റെ/ ട്രഷറിയുടെ പേര്	ഫണ്ടിന്റെ പേര്	2026 മാർച്ച് 31 ലെ നീക്കിയിരിപ്പ്(രൂപയിൽ)
1	799013000000923	Sub Treasury Thirurangadi	General purpose fund	0
2	110027491808	Canara Bank	Health Grant	25,13,883
3	110117840567	Canara Bank	CFC GRANT (PFMS)	1,62,10,561
4	120031339370	Canara Bank	Holding Account	0
5	110117170680	Canara Bank	OWN FUND	29,45,980
6	00000067112076385	SBI Thirurangadi	Online Account	13,172
7	40275100101307	KGB CHEMMAD	TSC	7,818

പട്ടിക - 2 (ഡി) - (2025 - 2026)	
ക്യാഷ് ഇൻ ഹാൻഡ്	9,540
സബ്സിഡിയറി ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്	0
മുകളിൽ പ്രസ്താവിക്കാത്ത മറ്റുതരത്തിലുള്ള നീക്കിയിരിപ്പുകൾ (വിശദ വിവരം സഹിതം)	0

പട്ടിക - 3

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ഉടർ നടപടി

മുൻ പെർഫോമൻസ് ഓഡിറ്റിന്റെ വർഷം	മുൻ പെർഫോമൻസ് ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ തിയ്യതി	റിപ്പോർട്ട് ഭരണ സമിതി യോഗത്തിൽ ചർച്ച ചെയ്ത തിയ്യതി	മറുപടി സമർപ്പിച്ച തിയ്യതി	പരിഹരിക്കാൻ ബാക്കിയുള്ള അപാകതകൾ ക്രമക്കേടുകൾ	സ്റ്റേറ്റ് ഓഡിറ്റിൽ തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾ വർഷം തിരിച്ച്	അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾ വർഷം തിരിച്ച്
2024-25	03/06/2025	27/06/2025	17/12/2025	2005-06=1	1997-98=7	2011-13-1
				2008-09=1	1998-99=0	2013-16-1
				2011-12=2	1999-00=1	
				2012-13=2	2000-01=0	
				2014-15=1	2001-02=0	
				2016-17=2	2002-03=0	
				2017-18=5	2003-04=1	
				2018-19=5	2004-05=2	
				2019-20=9	2005-06=1	
				2020-21=4	2006-07=4	
				2021-22=2	2007-08=17	
				2022-23=10	2008-09 To 2011-12 =6	
				2023-24=11	2012-13 To 2013-14 =6	
				2024-25=13	2014-15=11	
					2015-16=10	
					2016-17=5	
					2017-18=8	
					2018-19=5	
					2019=20=13	
					2020-21 =9	
					2021-22=8	
					2022-23=6	
					2023-24=21	
					2024-25=23	

ഭാഗം – IV (I) - ഗുരുതരമായ ക്രമക്കേടുകൾ: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭാഗം – IV (II) - ഇതര ക്രമക്കേടുകൾ

1. **പെരുവള്ളൂർ പഞ്ചായത്ത് സ്റ്റേഡിയത്തിലെ പൊതു കുളം നടപടികൾ ആവശ്യമായത് സംബന്ധിച്ച്.**

പെരുവള്ളൂർ പഞ്ചായത്ത് സ്റ്റേഡിയത്തിൽ വിവിധ പദ്ധതികളിൽ ആയി ബ്ലോക്ക് പഞ്ചായത്ത് പലപ്പോഴായി വലിയ തുക ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഗ്രൗണ്ടിനോട് ചേർന്ന് പൊതുകുളം, ജിംനേഷ്യം, വാക്കുവേ എന്നിവയെല്ലാം തന്നെ ഭംഗിയായി വിഭാവനം ചെയ്ത നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ കുളത്തിൽ നിന്ന് ജലം പുറത്തേക്ക് പോകുന്നതിനോ അകത്തേക്ക് വരുന്നതിനോ യാതൊരു സംവിധാനവുമില്ല. വളരെ കൂടുതലാളുകൾ കുളിക്കാൻ ഉപയോഗിക്കുന്ന കുളം എന്ന നിലയിൽ ആയത് വലിയ ആരോഗ്യ പ്രശ്നം സൃഷ്ടിക്കാൻ സാധ്യതയുണ്ട്. പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ആദ്യമായി പരിഗണിക്കേണ്ടിയിരുന്നത് ജലം സുഗമമായി പുറത്തേക്ക് ഒഴുകുന്നതിനുള്ള വഴിയൊരുക്കുക എന്നതായിരുന്നു. എന്നാൽ ആയത് പാലിക്കപ്പെട്ടില്ല. നിലവിൽ തന്നെ കുളത്തിൽ ആൽഗെ വളർച്ച കൂടുതലാണ്. വലിയ തുക ചെലവഴിച്ച പദ്ധതി എന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തുമായി ആലോചിച്ച് കുളത്തിൽ ജല ബഹിർഗമനത്തിന് ഉതകുന്ന തരത്തിലുള്ള സംവിധാനം വരും പദ്ധതിയിൽ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ആയത് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

2. **പാർട്ട് ബിൽ അനുവദിച്ചപ്പോൾ അധിക തുക നൽകിയത് തിരിച്ചു പിടിക്കേണ്ടത് സംബന്ധിച്ച്.**

എ. മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ കുണ്ടിൽ താഴം കുളം നിർമ്മാണം (അടങ്കൽ 45 ലക്ഷം) എന്ന പദ്ധതിയുടെ പാർട്ട് ബിൽ നൽകിയപ്പോൾ 34,892.60 രൂപ അധികം നൽകിയതായി മരാമത്ത് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു ആയത് ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി. ടി പദ്ധതി പൂർത്തിയാക്കുന്നതിന് നിഷ്കർഷിച്ചതിലും വലിയ തോതിൽ സമയം വൈകിയതായി കാണുന്നു. നിയമാനുസൃതമായ പിഴ ഈടാക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

3. കരാർ വൈകിയതിന് പിഴ ഈടാക്കേണ്ടത് സംബന്ധിച്ച്.

പരപ്പനത്തോട് അവഞ്ഞിക്കനാൽ തോട് (പ്രൊജക്ട് നമ്പർ 46/25) എന്ന് പ്രവർത്തി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പ്രവർത്തിക്ക് ലെറ്റർ ഓഫ് ആക്സെപ്റ്റൻസ് നൽകി 14 പ്രവർത്തി ദിനത്തിനകം കരാറുകാരൻ നിർവഹണ ഉദ്യോഗസ്ഥരുമായി കരാർ പത്രിക ചമച്ചതായി കാണുന്നില്ല. കരാർ വൈകിയ ഇനത്തിൽ കരാറുകാരനിൽ നിന്ന് 5,544 രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു. എന്നാൽ പിഴത്തുക ഈടാക്കിയതായി കാണുന്നില്ല. ആയതിന് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. സ്ത്രീ ശാക്തീകരണ കേന്ദ്രങ്ങൾ നിലവിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച്.

എ. ബ്ലോക്ക് പഞ്ചായത്ത് സ്ത്രീശാക്തീകരണ കേന്ദ്രങ്ങൾ മുൻ വർഷങ്ങളിൽ വൻതോതിൽ ഏറ്റെടുത്ത് ബിൽഡിങ്ങുകൾ നിർമ്മിച്ച പോലെ ഈ വർഷവും ആയത് നിർമ്മിച്ചതായി കാണുന്നു. നിലവിൽ ബ്ലോക്ക് പഞ്ചായത്ത് അംഗനവാടികൾക്ക് മുകളിലായി സ്ഥാപിച്ച സ്ത്രീ ശാക്തീകരണ കേന്ദ്രങ്ങൾ സന്ദർശിച്ചപ്പോൾ ആയവ ഉപയോഗിക്കപ്പെടാത്ത അവസ്ഥയിൽ നിലനിൽക്കുന്നതായി കാണുന്നു. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന സ്ത്രീശാക്തീകരണ കേന്ദ്രങ്ങൾ പ്രവർത്തി അപൂർണ്ണമായി മാത്രം പൂർത്തിയായതിനാൽ ആയവ ഉപയോഗിക്കപ്പെടാവുന്ന സാഹചര്യത്തിലും അല്ല. നടപ്പ് സാമ്പത്തിക വർഷത്തിലും വനിത ശാക്തീകരണ കേന്ദ്രങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് യാതൊരു പദ്ധതിയും ഏറ്റെടുത്തിട്ടില്ല. വലിയ പദ്ധതി തുക മുടക്കി നിർമ്മിക്കുന്ന വനിത സെക്ടറിലുള്ള ടി ശാക്തീകരണ കേന്ദ്രങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നത് അംഗീകരിക്കാനാവില്ല. ബ്ലോക്ക് പഞ്ചായത്ത് മുൻ വർഷങ്ങളിൽ അടക്കം ഏറ്റെടുത്ത സ്ത്രീ ശാക്തീകരണ കേന്ദ്രങ്ങൾ ഓരോന്നായി ലിസ്റ്റ് ചെയ്യേണ്ടതും ആയത് പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

ബി. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ള സ്ത്രീശാക്തീകരണ കേന്ദ്രങ്ങൾ വനിത വർക്കിംഗ് ഗ്രൂപ്പിൽ പൂർണ്ണമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ആയതിനാൽ തന്നെ ടി പദ്ധതികൾ ഏറ്റെടുത്തത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5. പൊതുമരാമത്ത് ഫയലുകൾ, സൈറ്റുകൾ എന്നിവയിലെ ആവർത്തിക്കപ്പെടുന്ന അപാകതകൾ സംബന്ധിച്ച്

പൊതുമരാമത്ത് പ്രവർത്തി ഫയലുകളിലും സൈറ്റുകളിലും ആയി താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എ. പദ്ധതികളുടെ കാര്യക്ഷമമായ മോണിറ്ററിംഗ് നടക്കുന്നില്ല. മോണിറ്ററിങ് സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് പലപ്പോഴും പൂർണ്ണമല്ല. മോണിറ്ററിംഗ് റിപ്പോർട്ട് പൂരിപ്പിക്കപ്പെടുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ടിൽ ഒപ്പ വെക്കുന്നത് പലപ്പോഴും മോണിറ്ററിംഗ് സമിതിയിലെ അംഗങ്ങൾ അല്ല എന്നും കാണുന്നു. പദ്ധതി മോണിറ്ററിംഗ് എന്ന പദ്ധതിയിൽ തുക വച്ച് മോണിറ്ററിംഗ് ശക്തിപ്പെടുത്തേണ്ടതും ആയത് ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ പൊതുജനങ്ങൾക്ക് എത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉപാധിയായി കാണേണ്ടതുമാണ്.

ബി. പദ്ധതി ഫയലുകളിൽ പദ്ധതിയുടെ മുൻപിൻ ഫോട്ടോകൾ പലപ്പോഴും ലഭ്യമാക്കിയിട്ടില്ല.

സി. പദ്ധതികളുടെ കരാർ ചമക്കുമ്പോൾ ആയതിൽ പദ്ധതി പൂർത്തീകരണ ദിവസം രേഖപ്പെടുത്തപ്പെടുന്നില്ല.

ഡി. ജില്ലാ പ്ലാനിങ് സമിതിയുടെ അംഗീകാരം നേടിയ പ്രോജക്ടുകളിൽ പല രേഖപ്പെടുത്തലുകളും തെറ്റാണെന്ന് കാണുന്നു. പ്രൊജക്ട് പരിശോധനയ്ക്കും അംഗീകാരത്തിനും

ഉള്ള ഫോറത്തിലും വിഷയ മേഖല പരിശോധന തലത്തിലും തെറ്റുകൾ സംഭവിച്ചിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ഗൗരവതരമായ ശ്രദ്ധ പുലർത്തേണ്ടതാണ്.

ഇ. ഉൽപാദന മേഖലയിൽ ഏറ്റെടുക്കുന്ന പദ്ധതികളോടൊപ്പം സമർപ്പിച്ചിട്ടുള്ള ആയക്കെട്ട് സർട്ടിഫിക്കറ്റിൽ നിലവിൽ കൃഷി ചെയ്യപ്പെടുന്ന മാപ്പുകൾ അനുബന്ധമായി ചേർത്തിട്ടില്ല.

എഫ്. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റൻറ് എൻജിനീയറുടെ ക്യാഷ് ബുക്കിൽ മാസാന്ത്യ വിശകലനം രേഖപ്പെടുത്തി ഉദ്യോഗസ്ഥൻ ഒപ്പുവെക്കുന്നതായി കാണുന്നില്ല.

ജി. ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തികൾക്ക് പലപ്പോഴും കരാറുകാർക്ക് സമയം കൂടുതൽ അനുവദിച്ച് നൽകിയതായി കാണുന്നു. ആയതിന് പലപ്പോഴും കാരണമായി പറഞ്ഞിരിക്കുന്നത് കരാറുകാർക്ക് അസുഖം വന്നു എന്നതാണ്. ഇത് അംഗീകരിക്കാൻ ആവില്ല. കാരണത്തിന് ഉപോൽബലമായ മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടി സൂക്ഷിക്കേണ്ടതാണ്.

എച്ച്. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എൽ എസ് ജി ഡി പി എൻജിനീയറുടെ 5/04/2021 ലെ ഡിബി1/3727/2021/സിഇ/എൽഎസ്ജിഡി സർക്കുലർ ആർസിസി ഓടകൾ നിർമ്മിക്കുമ്പോൾ ബോട്ടം, സൈഡ് വാൾ എന്നിവയ്ക്ക് മോർഡിലെ 12.5.3 കോഡ് പ്രകാരമുള്ള ഇനം, സ്റ്റീലിന് മോർഡിലെ 12.7 പ്രകാരമുള്ള ഇനവും നൽകണമെന്ന് നിഷ്കർഷിച്ചിരുന്നു. ഭേദഗതികൾ വേണമെങ്കിൽ മണ്ണിൻറെ അവസ്ഥ വാഹനങ്ങളുടെ വോളിയം എന്നിവ പരിഗണിച്ച് മാറ്റം ആവാം എന്നും ആയത് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കണം എന്നും പറഞ്ഞിരുന്നു. എന്നാൽ പല പദ്ധതികളിലും ഈ നിർദ്ദേശം പാലിക്കപ്പെട്ടില്ല.

മേൽ ഖണ്ഡിക **എ** മുതൽ **എച്ച്** വരെയുള്ളതിന് കൃത്യമായ നടപടികൾ എടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ വിശകലനം സംബന്ധിച്ച്.

തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ട്സുകളും ധനകാര്യ രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എ. ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ട് ഇനത്തിലെ പ്രധാന വരവായ കെട്ടിടങ്ങളിലെ വാടക വലിയ തോതിൽ കുടിശ്ശിക നിലനിൽക്കുന്നു. മുൻ വർഷത്തേക്കാൾ വലിയ തുകയാണ് കുടിശ്ശിക ഇനത്തിൽ തൻവർഷം വന്നിട്ടുള്ളത്. ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. ബ്ലോക്ക് പഞ്ചായത്ത് വാടക കെട്ടിടങ്ങളിൽ നിന്നും 5% വാടക വർദ്ധനവ് നടത്താൻ തീരുമാനമെടുത്തിരുന്നുവെങ്കിലും നിലവിലും മുഴുവൻ കെട്ടിടങ്ങളിൽ നിന്നും ഈ തരത്തിൽ വരുമാനം ലഭ്യമാക്കുന്നതായി കാണുന്നില്ല. ഉണർവ് കാൻറീൻ, ഉണർവ് ടീ സ്റ്റാൾ എന്നിവയിൽ നിന്നുള്ള വാടകകൾക്ക് വാർഷിക വർദ്ധനവ് നടത്തിയിട്ടില്ല. അടിയന്തിരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി. ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ കേരള വാട്ടർ അതോറിറ്റി\ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് എന്നിവയിൽ നിന്നായി 72876 രൂപ ഡെപ്പോസിറ്റ് റീഫണ്ട് ഇനത്തിൽ വരവ് വന്നതായി കാണുന്നു. ടി തുക കൃത്യമായി കണക്കാക്കി തിരിച്ചടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡി. ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുന്ന ടെൻഡർ ഇനത്തിലുള്ള തുക സമയബന്ധിതമായി തനത് അക്കൗണ്ടിലേക്ക് വരുന്നതായി കാണുന്നില്ല. നിലവിലും അസിസ്റ്റൻറ് എൻജിനീയറുടെ ഓഫീസ് അക്കൗണ്ടിൽ 16 ലക്ഷത്തിന് മുകളിൽ

ടെൻഡർ ഇനത്തിലുള്ള തുക നിലനിൽക്കുന്നതായി കാണുന്നു. ആയത് അടിയന്തരമായി ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മാറ്റി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. ബ്ലോക്ക് പഞ്ചായത്ത് തല ഓഡിറ്റ് മോണിറ്ററിംഗ് സമിതി പ്രവർത്തിക്കാത്തത് സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് മോണിറ്ററിംഗ് സമിതി നിലവിൽ പ്രവർത്തിക്കുന്നതായോ മിനിറ്റ്സ് സൂക്ഷിക്കുന്നതായോ കാണുന്നില്ല. മാസത്തിൽ ഒരു തവണ നിർബന്ധമായും വൈസ് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് മോണിറ്ററിങ് സമിതി ചേരേണ്ടതും നിർവഹണ ഉദ്യോഗസ്ഥരെ പൂർണ്ണമായും പങ്കെടുപ്പിച്ച് മുൻ വർഷങ്ങളിലുള്ള ഓഡിറ്റ് ഖണ്ഡികകൾക്ക് മറുപടി നൽകുന്നതിന് ശ്രമം നടത്തേണ്ടതുമാണ്. ഓഡിറ്റ് മോണിറ്ററിംഗ് സമിതിയിൽ നിലവിൽ ഏറ്റെടുക്കപ്പെട്ട പദ്ധതികളുടെ വിശകലനം നടത്തേണ്ടതും ഓഡിറ്റ് തലത്തിൽ ഭാവിയിൽ അപാകത വരാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

8.പ്രവർത്തന സമിതികളുടെ(വർക്കിംഗ് ഗ്രൂപ്പുകളുടെ) പ്രവർത്തനം സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തന സമിതികളുടെ മിനിറ്റ്സുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു .

എ. പ്രവർത്തന സമിതികൾ ഒന്നും തന്നെ ബ്ലോക്ക് പഞ്ചായത്ത് തല മോണിറ്ററിംഗ് സമിതികൾ ആയി പ്രവർത്തിക്കുന്നതായി കാണുന്നില്ല. മോണിറ്ററിംഗ് സമിതി മിനിറ്റ്സുകൾ സൂക്ഷിക്കപ്പെടുന്നില്ല.

ബി. ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തന സമിതികൾ സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നില്ല. പട്ടികജാതി ഉപപദ്ധതി തയ്യാറാക്കി സമഗ്രമായ വികസനം തേടുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് പട്ടികജാതി വികസനം പരാജയപ്പെട്ടു.

സി. ബ്ലോക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകൾ പലപ്പോഴും പരമ്പരാഗതമായ പദ്ധതികളിലേക്ക് ഒതുങ്ങി തീരുമാനങ്ങൾ എടുക്കുന്നതായി കാണുന്നു .പുതിയ പദ്ധതികൾ ചർച്ച ചെയ്യുകയോ വിഭാവനം ചെയ്യുകയോ ആയതിനനുസരിച്ച് പാകപ്പെടുത്തുകയോ ചെയ്യുന്നില്ല.

ഡി. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന പദ്ധതികൾ മറ്റുള്ള പദ്ധതികളുമായി സമന്വയിപ്പിക്കപ്പെടുന്നതായോ ആയത് ജനങ്ങൾക്ക് സമ്പൂർണ്ണമായ തലത്തിൽ എത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതായോ കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള പദ്ധതികളൊന്നും തന്നെ എംഎൽഎ, എംപി, എം ജി എൻ.ആർ.ഇ.ജി.എസ് എന്നിങ്ങനെ വിവിധ പദ്ധതികളുമായി ഏകോപിക്കപ്പെട്ടില്ല.

ഇ. ബ്ലോക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗങ്ങളുടെ സാന്നിധ്യം കുറവായിരിക്കുന്നതായും വനിത അംഗങ്ങൾ ആവശ്യത്തിന് പങ്കെടുക്കാത്തതായും കാണുന്നു. മിക്ക യോഗങ്ങൾക്കും ക്വാറം തികഞ്ഞിട്ടില്ല.

മേൽ ഖണ്ഡിക **എ** മുതൽ **ഇ** വരെയുള്ളതിന് ബ്ലോക്ക് പഞ്ചായത്ത് വിശദീകരണം ലഭ്യമാക്കേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

9.ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭയുടെ പ്രവർത്തനം സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭ മിനിറ്റ്സ് പരിശോധിച്ചതിൽ യോഗത്തിൽ യഥാർത്ഥത്തിൽ പങ്കെടുക്കേണ്ട ജനപ്രതിനിധികളുടെ അംഗബലം വളരെ കുറവാണെന്ന് കാണുന്നു. ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭയിൽ ബ്ലോക്ക് പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ കൂടാതെ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തിലെയും മുഴുവൻ ജനപ്രതിനിധികളും പങ്കെടുക്കേണ്ടതാണ്. എന്നാൽ ഹാജർ ബുക്കിൽ വളരെ കുറഞ്ഞ ജനപ്രതിനിധികളുടെ സാന്നിധ്യം മാത്രമാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭയുടെ പ്രവർത്തനം മികച്ചതാക്കുന്നതിനും ജനപ്രതിനിധികളുടെ സാന്നിധ്യം സമ്പൂർണ്ണമായി ഉറപ്പുവരുത്തുന്നതിനും അതുവഴി ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്ത് പദ്ധതികളുടെ ഏകീകരണവും പൂരണവും സാധ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. ബ്ലോക്ക് പഞ്ചായത്ത് ചെലവ് അനുപാതം വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച്.

എ. 2025-26 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവ് ശതമാനം വളരെ താഴെയാണെന്ന് കാണുന്നു. എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും പദ്ധതി നിർവഹണത്തിൽ ഈ അപാകത ദൃശ്യമാണ്. പദ്ധതി ചെലവ് അനുപാതം കൂട്ടി ജനങ്ങൾക്ക് പദ്ധതി ഇുക സമ്പൂർണ്ണമായി ലഭ്യമാകുന്നു എന്നുറപ്പുവരുത്തേണ്ടതാണ്.

ബി. ബ്ലോക്ക് പഞ്ചായത്ത് ഹെൽത്ത് ഗ്രാന്റ് വിനിയോഗം വളരെ മിതമായ നിരക്കിൽ മാത്രമാണ് നടക്കുന്നത്. ആയത് വലിയതോതിൽ ഉയർത്തുന്നതിന് ശ്രദ്ധ ആവശ്യമാണ്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

11) ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

2025-26 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തതും എന്നാൽ ധനവിനിയോഗ സാക്ഷ്യ പത്രം ലഭമാക്കിയിട്ടില്ലാത്തതുമായ പദ്ധതികളുടെ ധന വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എ) പ്രൊജക്ട് നമ്പർ 12/ 2026 പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം : പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം എന്ന പദ്ധതിക്ക് 5 ലക്ഷം രൂപ അടങ്കൽ വെക്കുകയും 3,38,717 രൂപ ചെലവഴിക്കുകയും ചെയ്തു. ടി പദ്ധതിയിൽ 2 ലക്ഷം രൂപ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിനും 1 ലക്ഷം രൂപ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിനും 38,717 രൂപ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിനും വിഹിതം നൽകി. തേഞ്ഞിപ്പലം പെരുവള്ളൂർ ഗ്രാമ പഞ്ചായത്തുകൾ

ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി എങ്കിലും വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിൽ നിന്നും 38,717രൂപയുടെ ധന വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല.

ബി) പ്രൊജക്ട് നമ്പർ 13/2026 ഹയർ സെക്കൻഡറി തുല്യത കോഴ്സ് ഫീസ് അടവാക്കൽ: ഹയർ സെക്കൻഡറി തുല്യത കോഴ്സ് ഫീസ് അടവാക്കൽ എന്ന പദ്ധതിക്ക് 3 ലക്ഷം രൂപ വകയിരുത്തി 46,000 രൂപ ചെലവഴിച്ചു. തേഞ്ഞിപ്പലം, മൂന്നിയൂർ ഗ്രാമ പഞ്ചായത്തുകളിലെ 20 തുല്യതാ പഠിതാക്കളുടെ ഫീസ് ഇനത്തിൽ 2300 രൂപ നിരക്കിൽ ആകെ 46,000 രൂപ സാക്ഷരതാ മിഷന് അടവാക്കി . ആയതിന്റെ ധന വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

12) കെ - സ്മാർട്ട് അക്കൗണ്ട്സ് & ഫയൽ സൂക്ഷിപ്പ് സംബന്ധിച്ച് .

കെ സ്മാർട്ട് ഫിനാൻസ്, ഡിജിറ്റൽ ഫയൽ മാനേജ്മെമെന്റ് സിസ്റ്റം എന്നീ മൊഡ്യൂളുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ.

എ) 2025-26 സാമ്പത്തിക വർഷത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വികസന ഫണ്ട് ജനറൽ എന്ന ഹെഡിൽ ക്ലോസിംഗ് ബാലൻസ് നെഗറ്റീവ് ഫിഗറായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) 2025-26 സാമ്പത്തിക വർഷത്തിൽ ഹെഡ് കോഡ് 3504101 Advance collection of revenue അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന 31,000 രൂപയും ഹെഡ് കോഡ് 3109002 സസ്പെൻസ് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന 5,704 രൂപയും ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി) കെ സ്മാർട്ടിൽ ലഭ്യമായ ചെക്ക് ഇഷ്യു രജിസ്റ്ററിൽ നിലവിൽ ചെക്ക് ക്ലിയറൻസ് ഡേറ്റ് രേഖപ്പെടുത്തുന്നില്ല. ആയത് രേഖപ്പെടുത്തി ഫയൽ സമ്പൂർണ്ണമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡി) മുഴുവൻ ഫയലുകളിലും വ്യക്തമായ കുറിപ്പ് ഫയൽ രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്ന ഫയലുകളിൽ പലപ്പോഴും കുറിപ്പ് ഫയൽ രേഖപ്പെടുത്തുന്നില്ല. റോഡ് പ്രവൃത്തികൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയ പല

ഫയലുകളിലും ഗ്രാമ പഞ്ചായത്ത് ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ഉൾച്ചേർപ്പാക്കിയിട്ടില്ല. അപാകതകൾ ശ്രദ്ധിക്കേണ്ടതും ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

ഇ) Rent from Local Body properties (1308002) എന്ന ഹെഡിൽ 2026-27 സാമ്പത്തിക വർഷത്തിലെ ഡിമാന്റ് തുക 1/4/2026 ൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തേണ്ടതാണ്.

എഫ്) നിലവിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ മാത്രമേ കെ സ്മാർട്ട് പരിപൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുള്ളൂ. ബാക്കി ഘടക സ്ഥാപനങ്ങൾ claim generation ഉം fund authorisation ഉം മാത്രമാണ് കെ സ്മാർട്ട് സംവിധാനം ഉപയോഗപ്പെടുത്തുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ഘടക സ്ഥാപനങ്ങളിലും കെ സ്മാർട്ട് സമ്പൂർണ്ണ തലത്തിൽ ഉപയോഗപ്പെടുത്തുന്നതിന് നിർദ്ദേശം നൽകേണ്ടതും മരാമത്ത് വിഭാഗം ഉൾപ്പെടെ കെ സ്മാർട്ടിൽ fund authorisation വേണ്ടി ബ്ലോക്ക് ഓഫീസിലേക്ക് ഫയൽ അയക്കുമ്പോൾ കുറിപ്പ് ഫയലും അനുബന്ധ രേഖകളും ഉൾപ്പെടുത്തി അയക്കേണ്ടതുമാണ്. ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കെ സ്മാർട്ട് പരിശീലനം ആവശ്യമാണെങ്കിൽ ആവശ്യമായ പരിശീലനം നൽകേണ്ടതാണ്.

ജി) ഒരു സാമ്പത്തിക വർഷം നടത്തുന്ന സമാന സ്വഭാവമുള്ള Paymentകൾ ഒരേ ഫയലിൽ നിന്നും അത് പോലെ ഒരു പ്രൊജക്ടുമായി ബന്ധപ്പെട്ട Payment കൾ ഒരേ പ്രൊജക്ട് ഫയലിൽ നിന്നും നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

എച്ച്) റീകൺസിലിയേഷൻ പൂർത്തീകരിക്കാൻ ബാക്കിയുള്ള അക്കൗണ്ടുകളിൽ ആയത് പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

13.അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികളും ഫയലുകളും – സംബന്ധിച്ച്

എ) കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ ചെലവുകൾ (പ്രൊജക്ട് നമ്പർ 76) എന്ന ഫയലിൽ 2 വർഷത്തിലധികം പഴക്കമുള്ള വൌച്ചറുകളിൽ (05/11/2022 തീയതി മുതലുള്ളവ) തുക ചെലവഴിച്ചതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53

പ്രകാരം രണ്ടു വർഷത്തിലും കൂടുതൽ കാലാവധിയുള്ള സ്കൈമുകൾ സർക്കാറിന്റെ പ്രത്യേക അനുമതി കൂടാതെ ചെലവഴിക്കുന്നതിന് സാധിക്കുകയില്ല. മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) പദ്ധതി ഫയലുകളിൽ മോണിറ്ററിംഗ് കമ്മിറ്റിയിൽ നിന്നുള്ള റിപ്പോർട്ട് സൂക്ഷിക്കപ്പെടുന്നില്ല. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

സി) പ്രൊജക്ട് രജിസ്റ്റർ അപൂർണ്ണമാണ്. പൂർത്തീകരിക്കേണ്ടതാണ്.

ഡി) കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്ന ഫയലിൽ (പ്രൊജക്ട് നമ്പർ 100) ജെം ൽ നിന്നുള്ള കംപാരറ്റീവ് സ്റ്റേറ്റ്മെൻറ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഫയൽ സമ്പൂർണ്ണമാക്കേണ്ടതാണ്.

ഇ) ഇലക്ട്രോണിക് ഉപകരണങ്ങൾ നിശ്ചിത സ്പെസിഫിക്കേഷനിലുള്ളവ തന്നെയാണ് ലഭിച്ചിട്ടുള്ളതെന്ന് സാങ്കേതിക വിദഗ്ധനെ കൊണ്ട് സാക്ഷ്യപ്പെടുത്തി ആയത് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഫയൽ സമ്പൂർണ്ണമാക്കേണ്ടതാണ്.

എഫ്) ബ്ലോക്ക് കൃഷിശ്രീ സെന്ററിന് യന്ത്രങ്ങളുടെ വിതരണം (പ്രൊജക്ട് 102) എന്ന പദ്ധതി പ്രകാരം വിഭാവനം ചെയ്തത് ബ്ലോക്കിലെ കൃഷി ശ്രീ സെന്ററുകളിലേക്ക് പോട്ടിംഗ് മിശ്രിതം മിക്സ്ചർ, ചാണകം പൊടിക്കുന്ന മെഷീൻ എന്നിവ വാങ്ങുന്നതിനായിരുന്നു. എന്നാൽ വാങ്ങിയത് ഒരു എച്ച്പിയുടെ മോട്ടോറും പൈപ്പുകളുമാണ്. പദ്ധതികളിൽ വിഭാവനം ചെയ്ത രീതിയിൽ തന്നെ തുക വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ജി) കുൺ ഗ്രാമം പദ്ധതി രണ്ടാം വർഷം ആനുകൂല്യം (പ്രൊജക്ട് നമ്പർ 75)

നൂതന പദ്ധതിയായ കുൺ ഗ്രാമം പദ്ധതി ഫയലിൽ കൃത്യമായ ഡോക്യുമെന്റേഷൻ ഇല്ല. പദ്ധതി കൊണ്ട് എത്രത്തോളം നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു എന്ന രേഖകൾ സഹിതം ഫയൽ സമ്പൂർണ്ണമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

14. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികൾ സംബന്ധിച്ച്

എ) 16 ലക്ഷം രൂപ വിഭാവനം ചെയ്ത പദ്ധതിയിൽ 7,65,281 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 2025-2026 സാമ്പത്തിക വർഷത്തിൽ 3 യൂണിറ്റുകൾക്ക് മാത്രമെ ധനസഹായം നൽകിയിട്ടുള്ളൂ. പദ്ധതികൾക്കായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വളരെയധികം കാലതാമസം നേരിടുന്നത് പദ്ധതിയെ സാരമായിട്ട് ബാധിക്കുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് കഴിയുന്നത്ര വേഗത്തിൽ ഗ്രൂപ്പുകളെ രൂപാർശ ചെയ്യുന്നതിന് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്. ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ബി) പെർഫോർമൻസ് ഓഡിറ്റിന്റെ ഫീൽഡ് വിസിറ്റിന്റെ ഭാഗമായി ആലുങ്ങലിലുള്ള കയർ ഡിസൈനിങ് എന്ന സ്ഥാപനം സന്ദർശിച്ചു. പദ്ധതി തുക ചെലവഴിച്ച സ്ഥാപനം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എന്നാൽ വരവു ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല, ആയത് രേഖപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ നൽകേണ്ടതും പരിശോധിക്കപ്പെടേണ്ടതും ആവശ്യമാണെങ്കിൽ പരിശീലനം നൽകേണ്ടതുമാണ്.

15. സിഡിപി ഒ (അഡീഷണൽ) നിർവഹണ ഉദ്യോഗസ്ഥയായ പദ്ധതികൾ - സംബന്ധിച്ച്

എ) പ്രൊജക്ട് നമ്പർ 137/2025 അംഗപരിമിതർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ ഫയലിൽ സ്കൂട്ടർ നൽകിയത് സംബന്ധിച്ച വിവരങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടും സഹിതം സമ്പൂർണ്ണമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) ബ്ലോക്ക് പഞ്ചായത്ത് തെരെഞ്ഞടുത്ത ഗുണഭോക്താക്കൾക്ക് ജില്ലാ സാമൂഹ്യ നീതി വകുപ്പിൽ നിന്നും മുൻ വർഷങ്ങളിൽ ഇലക്ട്രിക് സ്കൂട്ടറുകൾ ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

16. ബ്ലോക്ക് പഞ്ചായത്ത് പൊതു ശ്രദ്ധ ചെലുത്തേണ്ട വിഷയങ്ങൾ സംബന്ധിച്ച്.

എ. പുതിയ ഭരണസമിതിയുടെ നേതൃത്വത്തിൽ അടുത്ത 5 വർഷത്തേക്കുള്ള സമഗ്ര മെയിന്റനൻസ് പദ്ധതി തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളെയും കെട്ടിടങ്ങളെയും കൃത്യമായി സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗരേഖ ഉണ്ടാക്കേണ്ടതാണ്.

ബി. നിലവിൽ ബ്ലോക്ക് പഞ്ചായത്തിൽ ധാരാളം പട്ടികജാതി നഗറുകൾ ഉണ്ട്. ആയവയെ കൃത്യമായി പഠനം നടത്തി സമഗ്ര പദ്ധതികൾ വരുന്ന അഞ്ചുവർഷത്തേക്ക് ആവിഷ്കരിക്കേണ്ടതാണ്.

സി. ബ്ലോക്ക് പഞ്ചായത്തിലെ കമ്പ്യൂട്ടറുകളുടെ നിയന്ത്രണം ഏറ്റെടുക്കുന്നതിന് ഉദ്യോഗസ്ഥ സംവിധാനത്തിൽ നിന്ന് ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്റർ നിയമിക്കേണ്ടതുണ്ട്. ആയത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന് ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ഡി. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ വനിതാ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ബിൽഡിംഗ് നിലവിലും ആയതിനു വേണ്ടി പ്രയോജനപ്പെടുത്തുകയോ ഉപയോഗിക്കുകയോ ചെയ്യാതെ അടഞ്ഞുകിടക്കുന്നു. സത്വര നടപടി സ്വീകരിച്ച് ടി സെക്ടറിൽ ആയത് പ്രയോജനപ്പെടുത്തേണ്ടതാണ്.

ഇ. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരുടെ സാന്നിധ്യം പലപ്പോഴും വളരെ കുറവാണെന്ന് കാണുന്നു.

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്മാരെ പരമാവധി പങ്കെടുപ്പിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾക്ക് മുൻപിൻ ലിങ്കേജുകൾ സാധ്യമാക്കേണ്ടതാണ്.

ഭാഗം (V) : ഓഡിറ്റ് വേളയിൽ കണ്ടെത്തിയതും അപ്പോൾ തന്നെ പരിഹരിച്ചതുമായ അപാകതകൾ : ഇല്ല

ഭാഗം (VI) : ഓഡിറ്റിന് ഹാജരാക്കാതിരുന്ന രേഖകൾ : ഇല്ല

ഭാഗം (VII) : പ്രത്യേകം പരാമർശിക്കുന്ന മികച്ച പ്രവർത്തനങ്ങൾ : ഇല്ല

മലപ്പുറം ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് വേണ്ടി